# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. T 6029 - 02/04/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ : നിസ്സാര കാരണങ്ങളാൽ അപേക്ഷ നിരസ്സിക്കുന്നതായ ആക്ഷേപം

ചോദ്യം

ഉത്തരം

ശ്രീ.കെ. ദാസൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക ആനുകൂല്യം നൽകാതെ നിസ്സാര കാരണങ്ങളാൽ അപേക്ഷ നിരസ്സിക്കുന്നതായുള്ള രക്ഷിതാക്കളുടെ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ പദ്ധതിയിൽ പങ്കെടുക്കുന്ന ബാങ്കുകൾക്ക് പദ്ധതിയിൽകീഴിൽ ലഭിച്ച അപേക്ഷകൾ നിരസിക്കാൻ കഴിയുകയുള്ളൂ. അപേക്ഷകൾ നിരസിക്കുന്നത് സംബന്ധിച്ച അപേക്ഷകരുടെ പരാതികൾ അതാത് ബാങ്കുകൾക്ക് മുമ്പാകെ സമർപ്പിക്കാൻ കഴിയുന്നതാണ്. അതിന്മേലുള്ള അപ്പീലുകൾ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ കൺവീനർ മുഖാന്തിരം ധനകാര്യ (പ്ലാനിംഗ്) വകുപ്പ് അഡിഷണൽ സെക്രട്ടറി, എസ്.എൽ.ബി.സി. കൺവീനർ, ബാങ്ക് പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റിയ്ക്ക് നൽകാവുന്നതാണ്. ഇതുവരെ ഇപ്രകാരമുള്ള അപ്പീലുകൾ ലഭിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി | ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | |
| സി | പ്രസ്തുത ആനുകൂല്യം നൽകുന്നതിനായി നിലവിൽ എത്ര തുക സർക്കാർ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്; വ്യക്തമാക്കുമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയ്ക്ക് കീഴിൽ ആദ്യ ഗഡു സർക്കാർ വിഹിതമായി 2,91,77,579/- രൂപ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ